

# ഉങ്ക്

ഡിജിറ്റൽ മാഗസിൻ -2023 -2024



## ജി.എച്ച് .എസ് ആതവനാട് പരിതി



# ആമുഖം

**ആ**ർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യ ബുദ്ധിയെ വെല്ലുന്ന ഈ കാലത്ത് സർഗാത്മകതയുടെയും കരുണയുടെയും നനവുകൾ നമ്മിലേവരിലും പടരട്ടെ എന്ന പ്രാർത്ഥനയോടെ ആതവനാട് പരിതി ഗവ ഹൈസ്കൂളിലെ ഞങ്ങളുടെ പ്രിയകൂട്ടുകാർക്കും അധ്യാപകർക്കുമായ്.........

# ആശംസകൾ



**ANILKUMAR.R**
**H.M.GHS ATHAVANAD**
**PARITHI**

**ജി.എച്ച്.എസ്ആതവനാട്പരിതിഹൈസ്കൂളിൽ ഇങ്ക്**
**എന്നപേരിൽഒരുഡിജിറ്റൽമാഗസിൻപുറത്തിറങ്ങുന്നു.ആർട്ടിഫിഷ്യൽഇന്റലിജ**
**ൻസ്നിത്യജീവിതത്തിൽഅനിവാര്യമായ എല്ലാ**
**മേഖലകളിലുവേരോടിച്ചുകഴിഞ്ഞിരിക്കുന്നു.മനുഷ്യബന്ധങ്ങളിലുംസർഗാത്മക**
**തകളിലുംആഴത്തിൽവേർപെടുത്താനാവാത്തവിധംഇടകലർന്നിരിക്കുന്ന ഈ**
**നാളുകളിൽ സർഗ്ഗവൈഭവത്തിന്റെയും സാങ്കേതികതയുടെയും കൈപിടിച്ച്**
**സ്നേഹത്തിന്റെയും കരുണയുടെയും ആർദ്രത എല്ലാരിലും പടരട്ടെ**
**......പടർത്താൻ കഴിയട്ടെ .......**

**ഈ സദുധ്യമത്തിനു എല്ലാ വിധ ആശംസകളും**

# ആശംസകൾ



**സനീഷ് സദാനന്ദ്**
**കരിവെള്ളൂർ,**
**മലയാളം അധ്യാപകൻ**

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും വിവരവിപ്ലവത്തിന്റെയും ഈകാലഘട്ടത്തിൽ
അറിവ്നേടുന്നതിനേക്കാൾ പ്രധാനമാണ് ശരിയായ അറിവുകൾ അറിവുസഞ്ചയത്തിൽ നിന്ന
വേർതിരിച്ചെടുത്ത് പ്രയോഗിക്കാനുള്ള തിരിച്ചറിവ് .അറിവിനേക്കാൾ തിരിച്ചറിവാണ്
വേണ്ടതെന്നുള്ള ബോധ്യപ്പെടുത്തലാണ് ഓരോ മാഗസിനുകളും യന്ത്രഭാഷകൾക്കപ്പുറത്തെ
മനുഷ്യബന്ധങ്ങളിൽ നനവുപടർത്തുന്നവയാണ് ജി എച്ച് എസ് ആതവനാട് പരിതി സ്കൂളിലെ
ഇക് എഫ് ഡിജിറ്റൽ മാഗസിനും അത്തരത്തിലൊന്നാണെന്നുള്ളതിൽ സംശയമില്ല ഈ മാഗസിനും
അണിയറപ്രവർത്തകർക്കും ആശംസകൾ .



# എഡിറ്റോറിയൽ ബോർഡ്



Nima



Abhirami



Fathima diya



Sreya Satheesan



Naja Sherin




Hafsath



Fathima Shifa






Ni[illegible] Ramesh.c


Fathima Shifa



Anshidha

# ടാൻഗ്രാം






4000 വർഷങ്ങൾക്ക് മുമ്പെങ്കിലും ചൈനയിൽ പ്രചാരത്തിലുണ്ടായിരുന്ന ഗണിത പ്രഹേളികയാണ് ടാൻഗ്രാം .ഒരു സമചതുരത്തെ നിശ്ചിത രീതിയിൽ 7 ജ്യാമിതീയ രൂപങ്ങളാക്കി മാറ്റി അവ മുഴുവൻ ഉപയോഗിച്ച് കൊണ്ട് പലതരത്തിലുള്ള രൂപങ്ങൾ തയ്യാറാക്കുന്നു .ഭൂമുഖത്തുള്ള ഒട്ടുമിക്ക ജീവികൾ ,സസ്യങ്ങൾ ,പൂക്കൾ തുടങ്ങിയ എല്ലാ രൂപങ്ങളും ഇത് ഉപയോഗിച്ച നിർമ്മിക്കാം .കുട്ടികളിൽ യുക്തി ചിന്ത വളർത്തുന്നതിനും ഗണിതത്തിന്റെ ആസ്വാദനതലം വികസിപ്പിക്കുന്നതിനും ടാൻഗ്രാം ഫലപ്രദമാണ്



Sreyasatheesan

UBUNTU

LINUX FOR HUMANS, LINUX FOR HEROES



9.A

“കമ്പ്യൂട്ടർ മനുഷ്യനെപ്പോലെ ചിന്തിക്കുമെന്നതല്ല മനുഷ്യൻ കംപ്യൂട്ടറിനെ പോലെ ചിന്തിക്കുമെന്നതാണ് അപകടം ”

---സിഡ്നി ഹാരിസ്



**റിച്ചാർഡ്സ്റ്റാൾമാൻ**

സ്വാതന്ത്ര്യസോഫ്റ്റ്വയർ ഉപജ്ഞാതാവ്



# ഒറിഗാമിയും ഗണിതവും

ഒറിഗാമിയും ഗണിതവും തമ്മിൽ വളരെയധികം ബന്ധപ്പെട്ടാണിരിക്കുന്നത് .ഓരോ ഒറിഗാമി രൂപവും ഒരു കലാരൂപമെന്നതുപോലെ ഒരു ജ്യാമിതീയ രൂപവുമാണ് .ഒരു ആകൃതിയെ മറ്റൊരാകൃതിയാക്കി മാറ്റുന്നത് ഒരു ഗണിതശാസ്ത്ര പ്രക്രിയയാണ് .

ഒറിഗാമി നിർമിതി വിശദീകരിക്കുന്നതിന് കൂടുതലായും ഉപയോഗിക്കുന്നത് ഗണിതത്തിന്റെ ഭാഷയാണ് .വികാരണങ്ങളിലൂടെ മടക്കുക ,വക്കുകൾ ചേർത്ത് പിടിക്കുക,മധ്യബിന്ദു കാണുക ,നാല് തുല്യഭാഗമാക്കുക തുടങ്ങി അനേകം പ്രയോഗങ്ങൾ ഗണിതവുമായ് ബന്ധപ്പെട്ടവയാണ് .പല രൂപങ്ങൾ തമ്മിലുള്ള സമാനത ഒരു ഗണിത വിഷയമാണ് .ഒറിഗാമിയിൽ രൂപങ്ങൾ നിർമിക്കുമ്പോൾ സമാന്തര ഭാഗങ്ങൾ കണ്ടെത്തി അവിടെ ഒരേ പോലെയുള്ള മടക്കുകൾ ചെയ്യേണ്ട അവസരം ഉണ്ടാകാറുണ്ട് .രൂപങ്ങളുടെ സമാനത തിരിച്ചറിയാനുള്ള കഴിവാണ് ഇവിടെ വിലയിരുത്തപ്പെടുന്നത് .പഠിക്കുകയാണെന്നറിയാതെ പഠിക്കാൻ ഒറിഗാമി സഹായിക്കും .





Nima
9A



# മഴ

**തോ**രാതെ പെയ്യുമീ
നറുമഴയിൽ ഏകയായ്
ഞാനൊന്നു നനഞ്ഞിടട്ടെ
പെയ്യുമീ മഴയത്തു
എനിക്കൊരനുഭൂതിയാണു
വർണവും വസന്തവും അതിലേറെ
വിഷമവും ചേർന്ന നിമിഷങ്ങളിൽ
നിന്ന്
നാളെയുടെ പുത്തൻപുലരിയിലേക്ക് തുള്ളി
തുള്ളി വീഴുന്ന അനശ്വരമായ അനുഭൂതിയുടെ
നിലക്കാത്ത വീതി


അഭിരാമി. കെ. പി

9th.A

# ഒരു ബംഗളൂരു അനുഭവം-യാത്ര അനുഭവം



യാത്രകൾ എന്നും എനിക്ക് പ്രിയപ്പെട്ടവയാണ് .കണ്ണുകൊണ്ടും മനസ്സുകൊണ്ടും ഒരേ പോലെ യാത്രയുടെ ആനന്ദം അനുഭവിച്ചറിയുന്നത് ഒരു പ്രത്യേക കുളിർമ തന്നെയാണ് .സന്തോഷ് ജോർജ് കുളങ്ങരയുടെ യാത്രാവിവരണ കുറിപ്പുകൾ എന്നെ ഏറെ സ്വാധീനിച്ചവയായതുകൊണ്ട് തന്നെ ലേബർ ഇന്ത്യയിൽ വരുന്ന അദ്ദേഹത്തിന്റെ യാത്രാനുഭവങ്ങൾ വായിക്കാനായി ഞാൻ ഇന്നും കാത്തിരിക്കാറുണ്ട്.

എന്റെ അച്ഛൻ പട്ടാളത്തിലായിരുന്നതുകൊണ്ടുതന്നെ ഞാൻ ചെറുപ്പത്തിൽ അനേകം യാത്രകൾ നടത്തിയിട്ടുണ്ട് .എങ്കിലും എന്റെ മനസ്സിൽ എന്നും തങ്ങിനിൽക്കുന്ന ഒരിക്കലും മായാത്ത ഓർമ്മകളാണ് ബംഗളൂരു എന്ന മഹാനഗരം എനിക്ക് സമ്മാനിച്ചത് .പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്ന എനിക്ക് ആ നഗരത്തിന്റെ കാഴ്ചകളും എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്.

അച്ഛന് കുറെ കാലം അവിടെ തന്നെയായിരുന്നു ജോലി അതുകൊണ്ടു തന്നെ അവസരം കിട്ടുമ്പോഴെല്ലാം ഞാൻ അവിടേക്ക് പോവാറുണ്ടായിരുന്നു .അവിടേക്കുള്ള ട്രെയിൻ യാത്ര ഒരു പ്രത്യേക രസം തന്നെയായിരുന്നു .കുറ്റിപ്പുറത്തു നിന്നായിരുന്നു ട്രെയിൻ .അവിടെ പട്ടാളക്കാരുടെ

ക്വട്ടേഴ്സിലായിരുന്നു അച്ഛന്റെ താമസം .ബംഗളൂരു ഡേയ്സ് എന്ന സിനിമയിലെ പോലെ തന്നെ തിരക്ക് പിടിച്ച ഒരു നഗരമായിരുന്നു ബംഗളൂരു .ചീറിപ്പായുന്ന വാഹനങ്ങൾ കാലത്തിനനുസരിച് മാറിക്കൊണ്ടിരിക്കുന്ന അനേകം മുഖങ്ങൾ .ആളുകളെ കൊണ്ട് തിങ്ങി നിറഞ്ഞ കുറെ കടകൾ .ഇതായിരുന്നു ബംഗളൂരു എങ്കിലും പച്ചപ്പിന്റെ തെളിവായി പൂത്തുലഞ്ഞു നിൽക്കുന്ന വന്മരങ്ങളുണ്ടായിരുന്നു ഞങ്ങൾ താമസിച്ചയിടത്ത് .ബാംഗളൂരിൽ എത്തിയാൽ ഞങ്ങൾക്ക് പതിവായിരുന്ന വൈകുന്നേരത്തെ നടത്തം .കാറ്റിന്റെ കുളിർമകൊണ്ട് അച്ഛന്റെ ജോലിസ്ഥലത്തുകൂടെ നടക്കുക എന്നത് എന്റെ ഒരു ഇഷ്ടവിനോദമായിരുന്നു .നടത്തത്തിനിടയ്ക്ക് പരിചയക്കാരുടെ വീട്ടിൽ വീട്ടിൽ പോയി കളിക്കലും ആ വിനോദത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു .

ഒരു യാത്ര പോയിക്കഴിഞ്ഞാൽ അവിടെ നിന്ന് മടങ്ങുക എന്നത് എനിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു കാര്യമാണ് .അതുകൊണ്ടുതന്നെ ബംഗളൂരുവിൽ നിന്ന് തിരിച്ചുപോരുമ്പോൾ എന്റെ അവസാനത്തെ കരച്ചിലിനെ കുറിച്ച് പറയേണ്ടതില്ലല്ലോ....



പ്രാർത്ഥന.പി.നായർ
8.A



# സീറോ ഗ്രാവിറ്റി



ഗ്രാവിറ്റിയെ കുറിച്ച്  നമുക്കെല്ലാം അറിയാം .എന്നാൽ സീറോ ഗ്രാവിറ്റി എന്നാലെന്ത് ? ഗുരുത്വാകർഷണം അനുഭവപ്പെടാത്ത അവസ്ഥയാണെന്ന് പേരിൽ നിന്ന് തന്നെ വ്യക്തം . മൈക്രോ ഗ്രാവിറ്റി  എന്ന പേരിലും ഇതറിയപ്പെടുന്നു .കൃത്രിമമായി സീറോ ഗ്രാവിറ്റി സൃഷ്ടിക്കുന്നതിലാണ് ശാസ്ത്ര ലോകം ഇന്നേറെ താൽപര്യപ്പെടുന്നത് .ഭാവിയിലെ ബഹിരാകാശയാത്രകൾക്ക് അത്തരം പരീക്ഷണങ്ങളിലൂടെ ഏറെ പ്രയോജനം ലഭിച്ചേക്കാമെന്നതാണിതിനു കാരണം .

ഏതാനും ഫ്രഞ്ചുഭിഷഗ്വൻമാരുടെ നേതൃത്വത്തിൽ സീറോ ഗ്രാവിറ്റി സാഹചര്യത്തിൽ ഒരു ശസ്ത്രക്രിയ  നടക്കുന്നുണ്ടായി .പതിനൊന്നു മിനിട്ടോളം നീണ്ടുനിന്ന ഈ ഓപ്പറേഷൻ  നടന്നത്  സീറോ -ജി  എന്ന് പേരുള്ള A -3 00 എയർബസ്സിനകത്താണ് .രോഗിയുടെ കൈത്തണ്ടയിലെ സിസ്റ്റ്  നീക്കം ചെയ്യാനാണ് ഈ ശസ്ത്രക്രിയ നടത്തിയത് .മനുഷ്യരിൽ ഇത്തരമൊരു പരീക്ഷണം ഭൂമിക്കും ബഹിരാകാശത്തിനും മധ്യേ ഇതാദ്യമായാണ് .ബഹിരാകാശയാത്രാവേളയിൽ ഭാരമില്ലായ്മയും മറ്റു പരിസ്ഥിതികളും മനുഷ്യശരീരമെന്ന ജൈവയാന്ത്രികസംവിധാനത്തിന്  കടുത്ത വെല്ലുവിളിയാണുണർത്തുന്നത് .അത്തരമൊരു സാഹചര്യത്തിൽ മനുഷ്യ ശരീരം തികച്ചും വ്യത്യസ്തമായാണ് പ്രതികരിക്കുക .ആ സമയത്തുണ്ടാകുന്ന ത്വരണവ്യത്യസങ്ങളും താപ -മർദ്ദ വ്യതിയാനങ്ങളും ശരീരത്തിന് ഒട്ടേറെ അസ്വാരസ്യങ്ങളുണ്ടാക്കും .ശരീരത്തിന്റെ ഏതാണ്ടെല്ലാ പ്രവർത്തനങ്ങളിലും ഭൂമിയുടെ ആകർഷണം നിശബ്ദമായ സ്വാതീനം ചെലുത്തുന്നുണ്ട് .സീറോ ഗ്രാവിറ്റിശസ്ത്രക്രിയയിലൂടെ മെഡിക്കൽ രംഗത്തു ഒരു നാഴികക്കല്ല് സൃഷ്ടിക്കുക മാത്രമായിരുന്നില്ല ശാസ്ത്രജ്ഞരുടെ ഉദ്ദേശ്യം .ഭൂമിയിൽ നിന്നും നിയന്ത്രിക്കാനാവുന്ന റോബോട്ടുകളുടെ സഹായത്തോടെ ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലെ ബഹിരാകാശയാത്രികർക്ക് ചികിത്സ ലഭിക്കാനും ,ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള  പര്യവേഷണ വേളകളിൽ അവരുടെ ആരോഗ്യ സുരക്ഷാ ഉറപ്പുവരുത്താനുള്ള ഒരുപൈലറ്റ് പദ്ധതിയായിയുമാണ് ഇത് നടത്തിയത് . യൂറോപ്യൻ സ്പേസ് ഏജൻസിയാണ് ഇത്തരമൊരു സംരംഭത്തിന് എല്ലാ ധന സഹായവും നൽകിവരുന്നത് .



Naja sherin

9.A

# വിഹഗവീക്ഷണം




പല പക്ഷികൾക്കും വർണ്ണവൈവിധ്യത്തോടെ വസ്തുക്കളെ കാണാനാവും .പക്ഷേ ,എന്തൊക്കെ കാണുന്നു എന്നതിൽ വ്യത്യാസം മുണ്ടു . മുയൽപോലെയുള്ള ചെറിയ ജീവികൾ അനങ്ങുന്നത് 2 മൈൽ ( 3 കി .മി ) ദൂരെനിന്നു പോലും ശ്രദ്ധയിൽപെടുന്ന പക്ഷികളുണ്ട് ഭക്ഷണം കണ്ടെത്തുന്നതിൽ കണ്ണുകൾക്ക് പ്രധാന പങ്കുണ്ട് എന്നതാകാം പക്ഷികളുടെ സൂക്ഷ്മമായ കാഴ്ചശക്തിക്ക് പിന്നിൽ. മൂങ്ങാപോലുള്ള പക്ഷികളുടെ കണ്ണുകൾ മനുഷ്യരിലെന്നപോലെ മുന്നോട്ട് നോക്കുംവിധമാണ് ചിലതെങ്കിലും എതിർദിശകാളിലേക്ക് ഒരേ സമയം നോക്കാനുതകുന്നതും പിന്തിരിയാതെത്തന്നെ പിറകോട്ട് നോക്കാനാകുന്നതുമായ കണ്ണുകളാണ് . അത്ഭുതകരമായ കാഴ്ചശക്തിയുള്ള ഇത്തരം കണ്ണുകളുടെ സുരക്ഷയുറപ്പാകുന്നതിന് പക്ഷികളിൽ ഒരു 'മൂന്നാം കൺപോള ' യുണ്ട് . കണ്ണുകൾ

തുറന്നിരിക്കെത്തന്നെ സുതാര്യമായ ഈ കൺപോള അവയെ സംരക്ഷിക്കുന്നു പറക്കുമ്പോൾ പൊടിപടലങ്ങളിൽനിന്നും നീന്തുമ്പോൾ വെള്ളത്തിൽനിന്നും അതിനാൽ കണ്ണുകൾക്ക് സംരക്ഷണം കിട്ടുന്നു



Hafsath
9.A



## Nature for future

We have a nature to enjoy

But we dont take care of them.

Nature"s battery going down

While comes many town

We devising the coffin of nature

Without knowing the coffin to us

By all natureless worths

Its time to be doing worth

And to be humane for future

Nidhin.c.v

8A

# അന്തകാരത്തിന്റെ ഭീതി (കഥ )



ഒന്നും മറാക്കാൻ കഴിയുന്നില്ലആരോ ഹൃദായം കൊത്തിവലിക്കുന്ന പോലെ മനസ്സിൽ അമ്മയുടെ നിലവിളിയും കണ്ണുനീരിന്റെ ഒഴുക്കിന്റെ അലയടിയും മുഴങ്ങി കേട്ടു . അവളുടെ കണ്ണുനീർ ചോരുന്നില്ല അത് ഹൃദയത്തിൽ താളം കെട്ടി നിന്ന ഒരു മായാത്ത ഓർമ .

ചിരിക്കാൻ മറന്ന ബാല്യം . അമ്മയുടെ തുച്ഛമായ സ്നേഹം മതിയാവില്ലായിരുന്നു അവളുടെ പിഞ്ചു ഹൃദയത്തിന്റെ വിങ്ങലടക്കാൻ . ഇരുട്ടിൽ മറവിൽ മദ്യപാനിയായ അച്ഛന്റെ ക്രൂരത അപ്പുറത്തെ മുറിയിൽ പായവിരിച്ചു കണ്ണിറുക്കി അടച്ചു പേടിച്ചു വിറച്ചു നിശ്ചലയായി കേട്ട് കിടക്കും രാത്രിയിലെ ഈ അതി നിഷ്ട്ടരാമായ കാഴ്ച്ച ഇരുട്ടിനെ അവളിൽ ഭയമുളവാക്കി . അമ്മയുടെ കണ്ണീരിന്റെ ഒഴുക്ക് ദിനം പ്രതിവാർധിച്ച് വന്നു . അമ്മയുടെ ശരീരത്തെ സ്നേഹിച്ച അച്ഛന് 'അമ്മ വെറും കളിപ്പാവയായ് മാറിയിരുന്നു .ഒന്നിനും പ്രതികരിക്കാൻ കഴയാതെ സ്വന്തം മകളെ ആവുവോളം സ്നേഹിക്കാൻ കഴിയാതെ .സ്കൂളായിരുന്നു അവളിൽ സമാധാനത്തിന്റെ വിത്ത് പാകിയിരുന്നത് .എന്നാൽ അതിന് വീട്ടിലെത്തുന്നതുവരെയായിരുന്നു ആയുസ് .വേണ്ടുവോളം ഒറ്റപ്പെടലിന്റെ ഏകാന്തതയിൽ അലഞ്ഞു തിരിഞ്ഞ് അവൾ അവളിലേക്ക് ഒരുപാട് ഒതുങ്ങിപോയിരുന്നു .അമ്മയുടെ കയ്യിലേയും മുഖത്തെയും മുറിപ്പാടുകൾ മറച്ചുപിടിക്കുന്നതും രാത്രിയിൽ അടുക്കളയുടെ മൂലയിൽ നിന്ന് ആരുമറിയാതെ തേങ്ങി

കരയുന്നതും അവൾ ഒരുപാട് കണ്ടിട്ടുണ്ട് .അറിയാതെ പോലും ഇരുട്ടിൽ ഒറ്റയ്ക്കായാൽ നിലവിളിയും നിഷ്ഠുരാ കാഴ്ചയും അവളെ വേട്ടയാടി അങ്ങനെ ഒരു ദിവസം അച്ഛൻ കൂടുതൽ മദ്യലഹരിയിലായിരുന്നു .അവളെ നെഞ്ചോടു ചേർത്ത് അമ്മ ഉറക്കി .പെട്ടെന്ന് കതകു തുറന്ന് അച്ഛൻ അമ്മയെ മുറിയിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോയി .അവൾ കണ്ണുകൾ മുറുക്കി അടച്ചു.അന്ന് കലഹം കൂടുതലായിരുന്നു .അമ്മയുടെ നിലവിളി ചെവിയെ ഭീതിപ്പെടുത്തി .പെട്ടെന്നുള്ള നിശബ്‌ദത അവളെക്കൂടുതൽ ഭയപ്പെടുത്തി .പിന്നെ എപ്പോഴോ കരച്ചിലിന്റെ ക്ഷീണം അവളെ ഉറക്കത്തിലേക്ക് ഒഴുക്കി വിട്ടു.ജനൽ പാളിയിലൂടെ സൂര്യ പ്രകാശം കണ്ണിൽ പതിച്ചപ്പോഴാണ് ഉറക്കത്തിൽ നിന്ന് സ്വാതന്ത്ര്യയായത് .അമ്മയുടെ ശബ്‌ദമൊന്നും കേൾക്കാനില്ല പെട്ടെന്നെണീറ്റു അടുക്കളയിലേക്ക് ചെന്നു .അവിടെ ഇല്ലായിരുന്നു റൂമിലേക്ക് പാഞ്ഞു ചെന്ന് അമ്മയുടെ നഗമായ രൂപം അവളുടെ കുഞ്ഞുമനസ്സിനെ ആടിയുലച്ചു .കണ്ണുനീർ പോലും ഹൃദയ വേദനയാൽ സ്തംഭിച്ചിരുന്നു .ഒരു നിലവിളിയിലൊതുങ്ങിയിരുന്നു അവളുടെ ഒലി .. ആളുകൾ ഓടികൂടിയിട്ടുംഅവളുടെ മിഴികൾ ആ കാഴ്ച്ചയിൽ ആളുകളുടെ കലപിലയും പിറുപിറുക്കലും അവളെ അസ്വസ്ഥമാക്കി.അച്ഛന്റെ നിരോധനം അവളെ തെല്ലു പോലും വേദനിപ്പിച്ചില്ല .അച്ഛന്റെ സ്നേഹമില്ലാതെയാണ് അവൾ ഇത്രയും കാലം വളർന്നത്.അത് കൊണ്ട് തന്നെ അയാളെ വെറുക്കുകമാത്രമേ ചെയ്തിട്ടുള്ളു .സമയം ഏറെ കഴിഞ്ഞിരിക്കുന്നു .ആളുകൾ വരുകയും പോവുകയും ചെയ്യുന്നു .'അമ്മ ഉറങ്ങി കഴിഞ്ഞു .ഇനി ഒരിക്കലും ഉണരാത്ത ഉറക്കം അവളെ തനിച്ചാക്കി 'അമ്മ അവളിൽ നിന്ന് അകന്നു .വിശ്വസിക്കാൻ കഴിയുന്നില്ല ഇനി ഇരുട്ടിൽ നിന്ന് അവളെ സംരക്ഷിക്കാം ആരുമില്ല .അമ്മയുടെ ചിതയ്ക്ക് അവൾ എരിയുന്ന കമ്പു വച്ച് തീ ജ്വാലകൾ മുകളിലേക്ക് ഉയർന്നു .ആളികൾ ഒഴിഞ്ഞു അത്രയും നേരം ജീവച്ഛവമായി നിന്ന അവളുടെ കണ്ണുകൾ നിറഞ്ഞു അത് നീർചാലുപോലെ ഒഴുകി .അമ്മയുടെ സാരി നെഞ്ചോട് ചേർത്ത് അമർത്തി കണ്ണുകൾ ഇടുക്കി അടച്ചു .അമ്മയുടെ ഓർമ്മകൾ ഒരു മിന്നായം പോലെ ഹൃദയത്തെ നുറുക്കി .അച്ഛനോടുള്ള വെറുപ്പ് കണ്ണുകളിൽ എരിഞ്ഞു .

ഇനി അവൾ തനിച്ചാണ് ഇരുട്ടും ഒറ്റപ്പെടലും മാത്രമേ അവൾക്ക് കൂട്ടിനൊള്ളു .ഒരു പാട് വേദനകൾ നിറഞ്ഞ ഓർമ്മകൾ .

Niya Pradeep

8.A

# THE TRAIN JOURNEY- STORY



He saw mountains,peaks, trees and rivers. Nothing was new for him. He fell down to his thoughts. Thoughts of his mother. Memories of his beloved Granny. Tears rolled down his cheeks so camly. He wiped with his woollen towel. It was made by his Granny. It was brown and was turned too old. All those knits and threads were sticking out. He laid his head in search of sleep. He couldn't.

Suddenly he heard a very weird sound. It was for the first time he heard such creepy noise. He looked outside. The train was on a bridge. Suddenly the bridge begin to shake vigorously. He looked keenly. It was shaking so hard and began and breaking. His heart began to hit as fast as the train. He closed his eyes and held his towel on his palm firmly. The next moment that atmosphere turned so

bad that the all noise of hundreds of innocent people made the sky terrifying. The bridge was broken and the train began falling. The engine began burning. The next moment the sudden explosion made the sky so dark and  endangled. The train exploded completely. The hundreds of innocent hearts burnt in the fire. Many of them survived, but the river pulled them down. It was mercyless. Jawan look for something that he could float on the water. He thought he was the only one alive. 'Cause he craked the glass and jumped out of the train moments before it could explode.  But he could bearly hair cries coming through the smoke.

The water was freezing cold. He inhaled heavily. He found a boxes scattered on the surface of water. He swam so fast and reached one of the boxes. By a moment he felt so tired. He locked at it. It was terrifying. He thought it was the last moment of life. He feard death so bad.

He thought of his wife. Who will be there for her. She was so beautiful. Her eyes were stunning. I could never see her again, he thought. He laid his head again. He weeped quietly for so long. He slept inbetween those chaos.
When he opened his eyes he was on a cape. He looked up. The sun light strucked his eyes. He was so far from the incident.  A part of his head was covered with sand. He felt that it was hotter than the sun's heet. His eyes stained sorrow. He knelt and cried. " Oh god! How I could get out from this hell !"
It's been noon. Grief gripped him so bad. Hunger has raised so much. The scorching sun made him more tired. He looked behind. It was a dense forest. He got off and stand looking at the forest. He felt pain in every where. He wad brokened. He began walking into the forest with no aim.


The time was going so fast and also his hunger raised up. He fell down. He sighed heavily. He had never felt hunger this much. He closed his eyes. Tears began rolling. Jovan opened his eyes once more. This time he saw a giant caterpillar. He realised that it was his food for that night.
It was morning. Jovan woke up. His throat was dried. His  eyes looked for water. Jovan began walking again with no aim. All hope of life has extinguished.

Eventhoug he walked. Jovan knew that even at small tip of potential he could survive. It was getting noon. Hunger and thurst, both began killing Jovan. He could see nothing. It was blurry. Jovan felt immense headache. He suddenly found a bush. A bush of berries. He ran and feel down before it. There were lots of fresh berries. Jovan began eating it voraciously. It felt like heaven. He ate lots of berries for his belly was full.

Now he feel a bit energetic. He stored some of those berries in his pockets. Jovan thought there will be no one coming for him. Jkvan thought of his wife. She will become completely broken if she heard the news.
Suddenly he felt something following him. The noise began to increase. He didn't look back. He was sure t it wad an animal.. Suddenly he heared a growl. Suddenly he ran so fast. It was a bear chasing him. He cried out loud. But even in that dying fear he felt no pain. Stones and thornes scorched his feet. But he ran. He didn't look back. Suddenly he saw a giant water falls infront of him. He closed his eyes and jumped.

It was night. No noice. Only the sound of the waterfalls. It broke all the silence. His wet clothes clunged his body. It was so cold. Suddenly he listened a sound. But he could bearly hear it. He made his ears sharp. Soon it began to be so clear. It was the sound of a truck, he realised. He woke up and ran towards the direction. It was the only chance to escape. He ran with almighty. He didn't feel pain. He ran so fast. As he ran the sound became more clear and loud. Eventually he reached a highway. He saw a truck then. The endless road made a chance again to climp again on the mountain of life

Neeraj.p
8.A



# കനവിലിതാ ഗാന്ധി



നിദ്രയാം നിറവിളിതാ നിൽപ്പൂ എൻ മുന്നിൽ
ഭാരതമാതാവിൻ വാത്സല്യപുത്രൻ
ഇന്നെൻ കനവുകൾ സഫലമാക്കാനുള്ള
ഉടുമുണ്ടുമൂന്നുവടിയുമായി.

അവ്യക്തമാമൊരുടക്കിയ കനവിൽ
അവനറിയാം നിങ്ങളെ വ്യക്തമായൊരമ്മതൻ ഉമ്മപോൽ
പുഞ്ചിരിയാം നിങ്ങളവന്റെ ഉറക്കത്തിലേക്കിറങ്ങുമ്പോൾ
പുല്ലായിലൊരു ചെറുപുഞ്ചരി....... പുഞ്ചിരിയല്ലത്,
സ്വാതന്ത്ര്യാഹ്ലാദം

പ്രസന്നമായ്  നിങ്ങളവൻ മനസ്സിലും പാഠഗ്രന്ഥത്തിലും
സത്യതേജസ്സവൻ കാണുന്നു.... ശിരസ്സിൽ,
സാരമാം സ്വാതന്ത്ര്യ സംരക്ഷണപ്പുതപ്പ്
പുതപ്പല്ലെടോ ഉടുമുണ്ട്, നദിക്കരയിലുണ്ടായുണർവ്

ഉണരുന്നവൻ ഹൃദയത്തിലേക്ക്
ഭാരതമാതാവിൻ ഹൃദയം തുടിപ്പൂ ഘോരമായ്...
ലോകമേ ഇനി വരുമോ ഇതുപോലെയൊരു ജന്മം
വെടിമുനയിൽ കുരുങ്ങുമ്പോൾ ഗർജ്ജിക്കുന്നു  .....ഹേ റാം

"കരയുന്ന ഭാരതം.....,ആംഗല   മോചിതമായപ്പോൾ
ഗോഡ്സെ മുനമ്പിൽ  കുരുങ്ങിപ്പോയതോ അയാൾ
കരയരുത്  ലോകമേ ......
ആ വിഷത്തിരയുടെ പേരാണ്   സ്വാതന്ത്ര്യം.



Nived Ramesh.c
9A

# ജീവാതപം

ജീവിതമെന്ന ചൂടിൽ
അവൻ മറന്നു ഒന്ന് ചിരിക്കാൻ
തന്റെമക്കളോടൊത്തു കളിക്കാൻ
അവരെ വാരിപ്പുണരാൻ
തന്റെ കുടുംബത്തോടൊത്ത് ചേർന്നിരിക്കാൻ
അവനിഷ്ടമില്ലാഞ്ഞിട്ടല്ല
അവനുകഴിയുമായിരുന്നില്ല
അവരുടെ ജീവിതമായിരുന്നു
അവനു പ്രാധാന്യം
അവരുടെ ഭാവിയായിരുന്നു
അവൻ തന്റെ സന്തോഷങ്ങൾ
അവർക്കു വേണ്ടി മാറ്റി വയ്ക്കുന്നു
അവർക്കുവേണ്ടി രാവും
പകലുമോർക്കാതെ കഷ്ടപ്പെടുന്നു
അങ്ങനെ അവരുടെ ജീവിതം
മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നു
സ്വയമെരിഞ്ഞുള്ളം തപിച്ചു ....

NAVARAGH.P
8A

123freeVectors.com

# അനാഥ



ഒരു പേമാരി. സന്ധ്യാസമയം. സൂര്യാശുപത്രിയിൽ എന്റെ ജനനം.അത്ആഗസ്റ്റ്മാസം,എന്നാൽഎന്റെജന്മദിനം എനിക്ക് വളരെഭയാനകമായിരുന്നു.കാരണം,എന്റെ ജനനവും അമ്മയുടെ മരണവും ഒരു ദിവസമായിരുന്നു. ഒരു ദിവസം പോലും എന്നെ കാണാൻ നിൽക്കാതെ അല്ല, വിടാതെ ദൈവം അമ്മയെ വിളിച്ചു.കുറെ കൂടി വലുതായപ്പോൾ ആളുകൾ പറയുമായിരുന്നു അമ്മയെ കൊന്ന് വന്ന അസത്ത് എന്നു. എന്നാൽ എന്താണങ്ങനെ പറയുന്നത് എന്ന് എനിക്കറിയില്ലായിരുന്നു. പക്ഷെ ഒരു ദിവസം ഞാൻ സ്കൂളിൽ പോയപ്പോൾ ടീച്ചർ ആദ്യം പഠിപ്പിച്ചത് അ എന്ന അക്ഷരം വച്ച് 'അമ്മ എന്നായിരുന്നു. ഞാൻ ടീച്ചറോട് ചോദിച്ചു. ആരാണ് 'അമ്മ? എന്നാൽ ടീച്ചർ എന്നോട് പറഞ്ഞു, 'അമ്മ ആരാണെന്ന് നിനക്ക് അറിയില്ലേ' ഇതോടെ ക്ലാസ് മുഴുവൻ ചിരിച്ചു. അന്ന് ഞാൻ വീട്ടിൽ ചെന്ന് അച്ഛനോട് കാര്യം പറഞ്ഞു.എന്നാൽ അച്ഛനത് പറഞ്ഞില്ല. അച്ഛൻ എഴുന്നേറ്റ് പോയി. ഞാൻ കുറേനേരം ആലോചിച്ചു. പിന്നെ ഉറങ്ങാൻ കിടക്കുമ്പോൾ അച്ഛൻ വന്നു പറഞ്ഞു എന്താണ് കാര്യം എന്നും അന്ന് നടന്നതെന്നതാണെന്നും എല്ലാം അന്നത്തെ കുഞ്ഞു മനസ്സിന് മനസ്സിലാവാൻ അച്ഛൻ പറഞ്ഞിരുന്നത് ഇങ്ങനെയായിരുന്നു.

"അമ്മ , അത് എല്ലാവർക്കും ഉള്ള ഒരാളാണ് നിനക്കും  എല്ലാവർക്കും അച്ഛനില്ലേ അതുപോലെ അമ്മയും. നിനക്കും അമ്മയുണ്ടായിരുന്നു. 'പക്ഷെ നിന്റെ അമ്മ വളരെ നല്ലവളും വളരെ സുന്ദരിയും ആയതിനാൽ ദൈവം അങ്ങോട്ട് കൊണ്ടുപോയി.' എന്നാൽ എനിക്കത് എന്താണെന്ന് മനസ്സിലായില്ല.

അങ്ങനെ ഞാനും അച്ഛനും അടങ്ങുന്ന കുടുംബം കുറെ കാലം പിന്നിട്ടു. ഞാൻ 4-ക്ലാസ്സിൽ പഠിക്കുന്നു. ഒരു നല്ല ദിവസം. എന്താണ് അമ്മക്ക് സംഭവിച്ചതെന്ന് ഞാൻ അറിഞ്ഞിരുന്ന കാലം. എല്ലാവരും ഒരേ കാര്യങ്ങൾ പറഞ്ഞ് ക്ലാസ്സിൽ ഇരിക്കുന്നു. ടീച്ചർ എന്നെ ക്ലാസ്സിൽ നിന്നും കൊണ്ട് പുറത്തേക്കു പോയി. വീട്ടിലേക്കും കൊണ്ടുപോയി. വീട്ടിൽ ഒരുപാട് ആളുകൾ എന്നാൽ നിശബ്ദം. ഒന്നും അറിയാതെ അങ്ങനെ നിന്ന്.ആരൊക്കയോ വന്നെന്നെ ആശ്വസിപ്പിക്കുന്നു. എനിക്കൊന്നും മനസിലായില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ ആംബുലൻസിന്റെ ശബ്ദം  എന്റെ കുഞ്ഞു ബുദ്ധിയിൽ കാര്യം മനസ്സിലായി. എന്റെ കണ്ണിൽ നിന്നും കുഞ്ഞു കണ്ണുനീർ പൊടിഞ്ഞിരുന്നു. ചുറ്റുമൊരുപാടാളുണ്ടായിട്ടും എനിക്ക് ഒറ്റക്കെന്ന തോന്നൽ കൂടി വന്നു. ഭയവും കൂടി വന്നു. മരിച്ചാലോ എന്ന തോന്നലും വന്നു. ആ കുഞ്ഞു പ്രായത്തിൽ ഞാൻ അങ്ങനെ പലതും ചിന്തിച്ചു കൂട്ടി. അത്രക്ക് ഭയാനകമായിരുന്നു ആ സാഹചര്യം.അച്ഛനെ ആംബുലൻസിൽ നിന്നും ഇറക്കി. അച്ഛനെ കണ്ട എനിക്ക് അച്ഛൻ പണ്ട് പറഞ്ഞ കാര്യമാണ് എനിക്ക് ഓർമവന്നത്. 'ദൈവത്തിന് ഇഷ്ടമുള്ളവരെ ദൈവം വേഗം വിളിക്കും.' അപ്പോൾ എനിക്ക് തോന്നി,എന്നയും വിളിച്ചിരുന്നെങ്കിൽ എന്ന ഞാൻ ഒരു നിമിഷം ചിന്തിച്ചു. വരുന്നവരും പോവുന്നവരും പറയുന്നു, ഇനി ഇവൾ എന്ത് ചെയ്യും? എന്ന്. എന്നാൽ ആരും എന്നെ സംരക്ഷിക്കാനോ ചെലവ് നൽകാനോ ഒന്നും മുതിർന്നില്ല.

എന്റെ സ്കൂൾ പഠനം അനാഥാലയത്തിലായിരുന്നു. കുറെ കുട്ടികളും ആളുകളും ചുറ്റുമുണ്ടായിട്ടും എന്റെ രാത്രികളും പകലുകളും വളരെ ഭയാനകമായിരുന്നു. ഓരോ നിലാവിലും എന്റെ മിഴികളടയുമ്പോൾ എന്റെ അച്ഛന്റെ രൂപം മുന്നിൽ തെളിയും. പെട്ടന്ന് നിദ്രയിൽ നിന്നും ഉണരും. ഇത് എന്റെ പഠനത്തിന് വളരെ അധികം ബാധിച്ചു. എന്റെ പരീക്ഷ ഫലം വന്നപ്പോൾ ഞാൻ ഞെട്ടിയിരുന്നു. എന്റെ അച്ഛൻ എന്നെ കഷ്ട്ടപ്പെട്ടല്ലേ നോക്കിയെതെന്നും ,നല്ല നിലയിലെത്തുന്നത് കാണാനല്ലേ മുകളിൽ ഇരിക്കുന്ന അച്ഛൻ ആഗ്രഹിക്കുന്നതെന്നും ചിന്തിച്ചപ്പോൾ എനിക്ക് പഠിക്കണമെന്ന് തോന്നി .കുറെ കാലം കഴിഞ്ഞു .ഞാൻ ഒരു കളക്ടറായി .ഞാൻ വളരെ അധികം സന്തോഷിക്കുന്നു .എന്നാൽ ഈ സന്തോഷവും ചിരിയും കാണാൻ എനിക്കിന്നാരുമില്ല .



ANAMIKA.R
8.A

# കഥ - ആരതി



**പുലർച്ചയ്ക്ക്** അഞ്ചു മണിയുടെ അലാറം കേട്ടാണ് ഞാൻ ഉറക്കമമുണർന്നത്. പെട്ടന്നു തന്നെ അലാറം ഓഫ് ചെയ്ത് വീണ്ടും കണ്ണും പൂട്ടി കിടന്നു.പെട്ടന്നതാ വാതിലിൻമേൽ മറ്റൊരു അലാറം. അമ്മയലാറം. ഇനി ഒരു രക്ഷയുമില്ല;എഴുന്നേറ്റേ പറ്റൂ. ഉറക്കച്ചടവോടു കൂടി വാതിൽ തുറന്നു.അഞ്ചു മണിയും കഴിഞ്ഞ് സമയം അങ്ങെത്തി. നി ഇന്ന് പോകുന്നില്ലേ? എത്ര മണിക്കാണ് ട്രെയിൻ? നിന്നെ കൊണ്ടാക്കാൻ ഓട്ടോ വരുമോ?വേഗം ഇറങ്ങാൻ നോക്ക്. പരിഭവം നിറഞ്ഞ കുറച്ച് ചോദ്യങ്ങൾ എന്നിലേക്ക് തൊടുത്ത് അമ്മ സ്റ്റെയർ കേസിറങ്ങിപ്പോയി.ആറരയ്ക്കാണ് ട്രെയിൻ.ഓട്ടോയിലാകുമ്പോൾ മാക്സിമം പതിനഞ്ച് മിനുട്ട്.ഏതായാലും ഓട്ടോക്കാരൻ വരുമ്പോഴേക്കും റെഡിയാവാം.പെട്ടന്നു തന്നെ ഫ്രഷായി ബെഡ് റൂമിലെത്തി.അപ്പോഴേക്കും താഴെ അടുക്കളയിൽ നിന്നും അമ്മ വീണ്ടും വിളി തുടങ്ങി.ക്ഷണനേരം കൊണ്ട് പോകാനുള്ള തയ്യാറെടുപ്പോടെ ബാഗും തൂക്കി താഴെക്കിറങ്ങി.എല്ലാമെടുത്തിട്ടുണ്ടോ? നീ പറഞ്ഞ പൈസ ഏട്ടൻ രണ്ടു ദിവസത്തിനുള്ളിൽ ഗൂഗിൾ പെ ചെയ്യാമെന്നു പറഞ്ഞു. ഇനി ഓണാവധിക്ക് വന്നാൽ

മതി. ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്കു പോയി. ചായയുമായി വന്ന അമ്മ ഞാൻ ഇട്ട ഷർട്ടിലേക്ക് ഒരു ദയയുമില്ലാതെ നോക്കി. ഇന്നലെ പകലന്തിയോളം നിനക്ക് സമയമുണ്ടായിട്ടില്ലേ?ഇസ്തിരിപ്പെട്ടി ഈ വീട്ടിൽ തന്നെയുണ്ടല്ലോ? അതിന് തേക്കാൻ സമയം വേണ്ടേ അല്ലെ? അമ്മയുടെ ചോദ്യങ്ങൾക്കൊന്നും ഞാൻ മറുപടി പറഞ്ഞില്ല. മൗനമാണ് നല്ലെതെന്ന തോന്നി.പുലർച്ചയല്ലേ തണുപ്പുണ്ട്. ചൂടുള്ള ചായ അമ്മയുടെ കൈയ്യിൽ നിന്നും വാങ്ങി ഊതി ഊതി കുടിക്കാൻ തുടങ്ങി . അതും ഇതും ആലോചിച്ച് മനസ്സ് വിഷമിപ്പിക്കേണ്ട. നന്നായി പഠിക്കാൻ നോക്ക്. ഹോസ്റ്റലിൽ നിന്നാണ് പഠിക്കുന്നത്.ഉഴപ്പാനൊന്നും പാടില്ല. അങ്ങേ തലയ്ക്കൽ നിന്നും അമ്മയുടെ ശബ്ദമുയർന്നു.ചായ ഗ്ലാസ്സ് അടുക്കളയിൽ കൊണ്ട് വെച്ചപ്പോഴെക്കും പുറത്ത് ഓട്ടോയുടെ ശബ്ദം. അമ്മയോട് യാത്ര പറഞ്ഞ് ഞാൻ ഓട്ടോയിൽ കയറി പോയി.
തലേന്നാൾ അവധിയായിട്ടും അതിന്റെ ആലസ്യം കൊണ്ടാവാം റയിൽവെ സ്റ്റേഷനിൽ വലിയ തിരക്കൊന്നുമുണ്ടായിരുന്നില്ല. പൊതുവെ വൈകി വരുന്ന പരശുറാം ഇന്ന് കൃത്യ സമയത്തു തന്നെ എത്തിച്ചേർന്നു. ഏറ്റവും പിറകിലെ ജനറൽ കംമ്പാർട്ടുമെന്റിൽ ഇരിക്കാൻ സീറ്റും ലഭിച്ചു. സാധാരണയായി സീറ്റ് കിട്ടിയാലുടൻ മൊബൈൽ നോക്കുന്ന എനിക്ക് ഇക്കുറി അതിന് സാധിച്ചില്ല.എന്താണ് എന്റെ മൗനത്തിന് പിന്നിൽ, കുറച്ച് ദിവസമായി മൗനം എന്നെ വല്ലാതെ പിന്തുടരുന്നുണ്ട്.കയ്യിലെ ബാഗ് ബെർത്തിൽ വെച്ച് ഞാൻ സീറ്റിൽ ചാഞ്ഞിരുന്നു .

നിറഞ്ഞ സന്തോഷത്തോടെയല്ലേ ആരതി എപ്പോഴും എന്റെയരികിൽ എത്താറുള്ളത്. ഞാൻ വരുന്നതും നോക്കി അവൾ കാന്റീന്റെ മുന്നിലുള്ള ആൽമരത്തിൽ കാത്തിരിക്കാറുണ്ടല്ലോ. കണ്ടാലുടൻ വാതോരാതെ സംസാരിക്കാറുണ്ടല്ലോ.ലൈബ്രറിയിൽ നിന്നും ഓരോ പുസ്തകം തിരയുമ്പോഴും അത് ഏട്ടന്റെ ഗവേഷണത്തിന് ഉപകരിക്കുമെന്ന് പറഞ്ഞ് താളുകൾ മറിച്ചു നോക്കുന്ന ആരതി എനിക്ക് അത്ഭുതം തന്നെയായിരുന്നു. ചിലപ്പോൾ അടുത്ത അവർ ക്ലാസ്സുണ്ടെന്നും പറഞ്ഞ് പെട്ടന്നു പോകും. ഞാൻ വരുമ്പോഴെക്കും ടേബിളിൽ നിരത്തി വെച്ച പുസ്തകം ചൂണ്ടി ആവശ്യമായ പോയന്റുകൾ കുത്തിക്കുറിച്ചോളാൻ പറയും. എന്റെ മേലിൽ വലിയൊരു സ്വാധീനം അവൾക്കുണ്ടായിരുന്നു.എങ്ങനെയാണത് വന്നു ചേർന്നത്. എനിക്കറിയില്ല.ഒന്നറിയാം അവൾ മിടുക്കിയായ ഒരു കുട്ടിയായിരുന്നു.ഗവേഷണത്തിന്റെ ഭാഗമായുള്ള സെമിനാറ് പ്രസന്റേഷന്റെ തിരക്കിലായിരുന്ന ഞാൻ ഒന്നു രണ്ടു ദിവസം ഹോസ്റ്റൽ മുറിയിൽ തന്നെയായിരുന്നു.കുത്തി കുറിച്ച പേപ്പറിലെ ചില വാക്യങ്ങളെ വീണ്ടും കീറി മുറിക്കുന്നതിനിടയിൽ ഒരു വല്ലായ്മ തോന്നി. അൽപം മയങ്ങാമെന്ന് വിചാരിച്ച് പോയി കിടന്നതാണ്. അപ്പോഴെക്കും ആരതിയുടെ ഫോൺ കോൾ. വേഗം വാ ഇന്ന് നമുക്ക് പുറത്തു പോയി ചായ കുടിക്കാം. വിളിച്ചത് അവളല്ലേ

പോകാതിരിക്കാൻ പറ്റുമോ? യൂണിവേഴ്സിറ്റിയുടെ പുറത്തുള്ള ഹോട്ടൽ താജിൽ കയറി രണ്ടു ചായയ്ക്ക് പറഞ്ഞു.
ഇന്നെന്താ പതിവില്ലാതെ പുറത്തു വന്നിട്ടൊരു ചായ കുടി എന്ന എന്റെ ചോദ്യത്തിന് നിഷ്കളങ്കമായ പുഞ്ചിരിയോടെ ഒരുപാട് വിശേഷങ്ങളുണ്ടെന്ന പറഞ്ഞു.
ഏട്ടാ ഇന്നന്റെ ജന്മദിനമാണ്. ആരതിയുടെ വായിൽ നിന്ന് ചെറിയൊരു നീരസത്തോടെയാണ് ഞാനത് കേട്ടത്. എങ്കിലും അവളുടെ മുഖത്ത് സന്താഷത്തിന് കുറവൊന്നുമുണ്ടായിരുന്നില്ല. ഇത്രയും കരുതുകയും ഇഷ്ടപ്പെട്ടുകയും ചെയ്യുന്ന ആരതിയുടെ ജന്മദിനം ഞാനോർക്കേണ്ടതായിരുന്നില്ലേ? എന്റെ മുഖത്ത് വന്ന ചേർന്ന സങ്കടത്തിന്റെ നിഴൽ കണ്ടിട്ടാവാം പെട്ടന്നവൾ സംസാരം തിരിക്കാൻ ശ്രമിച്ചു.
ഏട്ടനറിഞ്ഞോ ഇന്ന് രാവിലെ മൂന്നാം സെമസ്റ്ററിന്റെ റിസൽട്ട് വന്നു. തൊണ്ണൂറ് ശതമാനം മാർക്കുണ്ട്. ആഹാ അടിപൊളി കൺഗ്രാജുലേഷൻ. ഒന്നിനും കാത്തു നിൽക്കാതെയുള്ള എന്റെ മറുപടി കേട്ടപ്പോൾ അവളുടെ കണ്ണിലെ സന്തോഷക്കടൽ ഞാനടുത്തു കണ്ടു. അവിടെ നിന്ന് മടങ്ങുമ്പോൾ സ്നേഹത്തിന്റെ ആഴവും സൗഹൃദത്തിന്റെ തീവ്രതയും ഞാനറിഞ്ഞു. യൂണിവേഴ്സിറ്റിയുടെ പ്രധാന പാതയിലൂടെ അവളോടൊപ്പം ഞാൻ നടന്നകലുമ്പോൾ പല കാര്യങ്ങളും അവളെന്നോട് ചോദിച്ചറിയുന്നുണ്ടായിരുന്നു.പി.ജി കഴിഞ്ഞിട്ട് ഇനി എന്ത് എന്നതായിരുന്ന ഒരു കൺഫ്യൂഷൻ. സാഹചര്യങ്ങൾ അനുവദിക്കുകയാണെങ്കിൽ ഇവിടെ തന്നെ പഠനം തുടരാൻ തന്നെയാണ് താല്പര്യം. അവൾ പറഞ്ഞ എന്ന വാക്ക് എന്നെ ചെറുതായിട്ടൊന്ന് അലട്ടി.അതിനിടയിൽ ആരതിക്കൊരു ഫോൺ കോൾ.വീട്ടിൽ നിന്നാണെന്ന് തോന്നുന്നു.എപ്പോഴും ആഹ്ളാദത്തിന്റെ തിരയിളക്കവുമായി വരുന്ന ആരതി പറഞ്ഞ സാഹചര്യം എന്തായിരിക്കും?. ഒരിക്കൽ യൂണിവേഴ്സിറ...
ഇന്നലെ വൈകിട്ട് മുതൽ അവൾക്ക് സുഖമില്ലായിരുന്നു. വീട്ടിൽ പോകുന്ന കാര്യം എന്നെ വിളിച്ചു പറഞ്ഞിരുന്നു. തല വേദന കൂടിയിട്ടുണ്ടാവും.പൊതുവെ അവൾക്ക് മൈഗ്രേൻ ഉണ്ടാവാറുണ്ടെന്ന് പറഞ്ഞിരുന്നു. മുഖത്ത് ഒരു തെളിച്ചമില്ലായ്മ പോലെ പ്രഭാത് എന്നെ നോക്കി. ഞാനത് മൈൻഡ് ചെയ്തില്ല. നീ പെട്ടന്ന് പോയി കുളിച്ചു വാ. ഒരുമിച്ചു പോയി ചായ കുടിക്കാം. ഹോസ്റ്റലിന്റെ നേരെ ഓപ്പോസിറ്റാണ് ശങ്കരേട്ടന്റെ ചായക്കട. ചായയും കുടിച്ച് ഞാനും പ്രഭാതും യൂണിവേഴ്സിറ്റിയുടെ മെയിൻ റോഡിലൂടെ നടന്നു. ലൈബ്രറിയിലൊന്ന് പോകണം. കുറച്ചു കൂടി പുസ്തകങ്ങളെടുക്കണം. ആരതി വരുമ്പോഴെക്കും ഈ സെമിനാറൊന്ന തീർക്കണം. ഉപസംഹാരമാണ് വില്ലനായി നിൽക്കുന്നത്. എത്രയെഴുതിയിട്ടും സംതൃപ്തി കിട്ടുന്നില്ല. നടത്തത്തിനിടയിൽ ഞാൻ പ്രഭാതിനോടായി പറഞ്ഞു. കേട്ട കേട്ടില്ല എന്ന മട്ടിൽ അവനിൽ നിന്നും ഒരു പ്രതീകരണവുമുണ്ടായില്ല. നിങ്ങൾ ലൈബ്രറിയിലേക്കല്ലേ ഞ...

ഒരിലയും പോലും അനങ്ങുന്നില്ലല്ലോ. റോഡിൽ ഒരാളെയും കാണുന്നില്ലല്ലോ.
എവിടെപ്പോയി ഒച്ചപ്പാടോട്ടു കൂടി ഷട്ടിൽ കളിക്കുന്ന പി. ജി. പിള്ളേര്. വീണ്ടും അലറി
കൊണ്ട് ഞാൻ പ്രഭാതിനെ വിളിച്ചു. പ്രഭാത് നീ പറഞ്ഞത് ശരിയാണോട? ടേബിളിലെ
സെമിനാർ പേപ്പറുകൾ എടുത്ത് ഒരു വട്ടം കൂടി നോക്കി. അതിലെ അക്ഷരങ്ങൾ
ചലനമറ്റു കിടക്കുന്നു. രണ്ടു കൈകൊണ്ടും അതിനെ ചുരട്ടി കൂട്ടി.ആ സമയം പ്രഭാത്
എന്റെയരികിൽ വന്നു. എന്നെ മാറോട് ചേർത്തു കൊണ്ട് അവൻ പതുക്കെ പറഞ്ഞു.
വീട്ടിലെ പ്രശ്നങ്ങളാണ് ആത്മഹത്യയ്ക്ക് പിന്നിൽ. ചുരുട്ടി കൂട്ടിയ സെമിനാർ പ്രഭാത് നിവർ
ത്താൻ ശ്രമിച്ചു. അവൻ പറഞ്ഞു. തൽക്കാലം നമുക്ക് ഈ മുറിയിൽ നിന്നും പുറത്തു
പോകാം. ശരിയാണ് ഞാനുമത് ആഗ്രഹിക്കുന്നുണ്ട്. നിശബ്ദതയാൽ മൂടിക്കെട്ടിയ
അവളെക്കുറിച്ചുള്ള വാർത്ത കേട്ട ആ നശിച്ച മുറിയിൽ നിന്നും അൽപമൊന്നു മാറി നിൽ
ക്കണം. വിറയാർന്ന എന്റെ കൈകൾ പിടിച്ചു കൊണ്ട് യൂണിവേഴ്റ്റി റോഡിലേക്ക്
നടന്നു. വല്ലാത്തൊരു ഇരുട്ട് എന്നെ അസ്വസ്ഥനാക്കിയിരുന്നു. ചീവീടുകൾ നേരത്തെ
അതിന്റെ മൂളിച്ച തുടങ്ങിയിരുന്നു. ആകാശത്തേക്ക് നോക്കിയപ്പോൾ ഒരൊറ്റ
നക്ഷത്രത്തെയും അവിടം കണ്ടില്ല. ഒരുപക്ഷെ ആരതിയെ സ്വീകരിക്കാൻ
പോയതായിരിക്കാം....

ഓർമകളിൽ നിന്ന് എഴുന്നേറ്റപ്പോഴെക്കും ട്രെയിനിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു.
തൊട്ടടുത്തിരിക്കുന്ന മധ്യ വയസ്കനോട് എവിടെയെത്തിയെന്നു ചോദിച്ചു. കൊയിലാണ്ടി.
മാന്യതയോടെ അയാൾ പറഞ്ഞു. ബർത്തിൽ നിന്ന് ബാഗെടുത്ത് ആൾക്കൂട്ടങ്ങൾ
ക്കിടയിലൂടെ ഡോർ ലക്ഷ്യമാക്കി നീങ്ങി. കോഴിക്കോട് എനിക്ക് ഇറങ്ങേണ്ട നഗരം.
ഒരു തണുത്ത കാറ്റ് എവിടെ നിന്നോ വന്ന് എന്റെ മുഖത്ത് വീശുന്നുണ്ടായിരുന്നു. ആ
കാറ്റിന് ഒരു കുറുമ്പുള്ളതു പോലെ തോന്നി. ഒടുവിൽ ഞാൻ കോഴിക്കോടിറങ്ങി.
ആരതിയുടെ നാട്ടിൽ. ആരതിയുടെതുമാത്രമായ നാട്ടിൽ......




സനീഷ് സാദാനന്ദൻ


കരിവെള്ളൂർ

# ജീവിതംഒരഭിനയം

അമ്മ തൻ മുലപ്പാൽ നുകർന്നതല്ലോടാ താൻ
ആ പുണ്യ തേജസ്സിന് മാധുര്യം
എന്നിട്ടുമെന്തെടോ നിങ്ങളാ പാവം കന്യയെ
കാമഭ്രാന്തിന് കളിപ്പാട്ടമാക്കി
പുതു കാൽവച്ചുവടുകൾ മണ്ണിലേക്കുന്നുന്നു
പാടവും പള്ളിക്കൂടവും പുണരുന്ന
കാക്കയും കീരിയും കാട്ടിലേക്കോടുന്നു
തെറ്റില്ല ശരിയില്ല എല്ലാമൊരത്ത്യഹ്ലാദാനുഭവം.
കളിപ്പാട്ടമായവൾ പുരുഷനാം കരങ്ങളിൽ
കാമമോഹത്താൽ ഭ്രാന്തനാം പുരുഷന്റെ
കണ്ണും കരങ്ങളും ചെകുത്തനായപ്പോൾ
പുരുഷ..........,'അമ്മ തൻ മുലപ്പാൽ നീ നുകർന്നില്ലേ ?
വൈദ്യുതിവീചി പ്പോൽ ഭയാനകമാകുന്ന ,
കൗമാരജീവിതം വിഷ പാമ്പിനെപ്പോലെ
പേടിപ്പെടുത്തുന്ന ,
നിന്നിലേക്കെടുക്കുമ്പോൾ നിയന്ത്രിക്കണം
നിയന്ത്രണാധീതമാം വികാരങ്ങളെ
കന്യയെ കൊളുത്തിയ കാമാഗ്നിയിൽ
കത്തുന്നവളും സ്ത്രീ സമൂഹവും
നാണം തോന്നുന്നില്ലവൾക്കു..........
നാണിക്കുന്നവൾ നിന്നവസ്ഥയെയോർത്ത്
രണ്ടാം ബാല്യം ആസ്വദിക്കും മാത്രയിൽ ....
കുറ്റബോധം തോന്നുന്നവനെ
ആറടിപൂഴിയിലേക്ക് കടക്കുമ്പോൾ
പുരുഷാ .....എന്നിട്ടും ........



NIVED RAMESH.C
9.A


YOGA
DAY
BONE DENSITY
BOOST IMMUNE
BETTER PULS RATE
STRONG MUSCLES
Thanha-M


SAY
NO
TO
WAR
PEACE PEACE PEACE
PEACE PEACE PEACE
STOP
HATE



FATHIMA MINSHA

9.C

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഞങ്ങളും മാറുകയാണ് നമ്മുടെ സ്കൂളും മാറുകയാണ്.ഇനിയുള്ള നാളുകളിലും മാറ്റത്തിന്റെ കാത്തിരിപ്പിനായി...



നന്ദി.......